"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - 2018 , 2019 കാലയളവിലെ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർ നിർമ്മാണത്തിനായി വിഭാവനം ചെയ്ത മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി ( Chief Minister's Local Roads Rebuild Project ) എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 79,18,05,737/- രൂപ അനുവദിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**ഡി.ആർ.എഫ് -എ വകുപ്പ്**

സ.ഉ.(സാധാ) നം.3423/2022/RD തീയതി,തിരുവനന്തപുരം, 11-08-2022

---

പരാമർശം:-

1) 09.01.2020ലെ സ.ഉ (കൈ) നം.13/2020/ ത.സ്വ.ഭ.വ

2) 04.05.2020 ലെ സ.ഉ (സാധാ) നം.1683/2020/ റവ

3) 30.09 .2020 ലെ സ.ഉ ( സാധാ) നം. 2983/2020/റവ

4) 18.12.2020 ലെ സ.ഉ(സാധാ) നമ്പർ: 2337/2020/ത.സ്വ ഭവ

5) 21.12.2020 ലെ സ.ഉ(സാധാ) നമ്പർ. 3876/2020/റവ

6) 24.12.2020ലെ സ.ഉ (കൈ) നം.200/2020/ ത.സ്വ.ഭ.വ

7) 29.12.2020 ലെ സ.ഉ(സാധാ) നമ്പർ.3984/2020/റവ

8) 09.01.2021 ലെ സ.ഉ(സാധാ) നമ്പർ. 92/2021/ റവ

9) 28.06.2021 ലെ സ.ഉ(സാധാ) നമ്പർ: 2239/2021/ റവ

10 ) 15.09.2021 ലെ സ.ഉ(സാധാ) നമ്പർ: 3143/2021/ റവ

11) 11.01.2022-ലെ സ.ഉ(സാധാ) നമ്പർ: 155/2022/ റവ

12) 25.02.2022 ലെ സ.ഉ(സാധാ) നമ്പർ: 875/2022/ റവ

13) 22.04.2022 ലെ സ.ഉ(സാധാ) നമ്പർ: 1820/2022/ റവ

14) 22.06.22 ലെ സ.ഉ(സാധാ) നമ്പർ: 2714/2022/ റവ

15) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 01.08.2022-ലെ

ഇ17/5555/20/സി.ഇ/ത.സ്വ .ഭ. വ നമ്പർ കത്ത്

**ഉത്തരവ്**

2018,2019 കാലയളവിലെ പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്നതും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്താത്തതുമായ റോഡുകളുടെ പുനരുദ്ധാരണത്തിന് മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി ( Chief Minister's Local Roads Rebuild Project) നടപ്പിലാക്കുന്നതിനായി 1000 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുകൊണ്ടും ഫണ്ട് അനുവദിക്കുന്നതിനുള്ള പ്രപ്പോസലുകൾ തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ഘട്ടം ഘട്ടം ആയി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിക്കുന്നതിനും പരാമർശം (2) , (3) , (7) എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്.

2. CMLRRP നടത്തിപ്പിനായി പരാമർശം (5) , (8) ,(9) ,( 10),(11) ,(12) ,(13) എന്നീ ഉത്തരവുകൾ പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഇതിനോടകം 504,74,63,313/-കോടി രൂപ രൂപ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് അനുവദിച്ചിട്ടുണ്ട്. ആയതിൽ 483,92,69,050രൂപ ചെലവഴിച്ചതായി ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം സഹിതം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. സ്റ്റാർട്ടപ് അഡ്വാൻസ് തുകയായി അനുവദിച്ച 100 കോടി രൂപയിൽ 79,18,05,737 /- രൂപ ചെലവഴിച്ച കഴിഞ്ഞിട്ടുണ്ടെന്നും ആയതിനാൽ സ്റ്റാർട്ടപ്പ് അഡ്വാൻസ് 100 കോടി രൂപയായി നിലനിർത്തുന്നതിനായി ചെലവഴിക്കപ്പെട്ട 79,18,05,737/- രൂപ അടിയന്തിരമായി CE,LSGD യുടെ പേരിലുള്ള 799011400006726 എന്ന STSB അക്കൗണ്ടിലേക്ക് അനുവദിച്ച നൽകണമെന്നും പരാമർശം (15) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിൽ പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് ശുപാർശ സഹിതം തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ട്.

3. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി ( Chief Minister's Local Roads Rebuild Project ) നടപ്പിലാക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആകെ അനുവദിക്കാൻ നിശ്ചയിച്ചിട്ടുള്ള 1000 കോടി രൂപയിൽ , ഇതിനോടകം അനുവദിച്ച 504,74,63,313/- രൂപയ്ക്ക് പുറമെ 79,18,05,737/- രൂപ കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ച ഉത്തരവാകുന്നു. .

4..വിതരണത്തിനാവശ്യമായി വരുന്ന 79,18,05,737/- രൂപ ( എഴുപത്തി ഒൻപത് കോടി പതിനെട്ട് ലക്ഷത്തി അയ്യായിരത്തി എഴുന്നൂറ്റി മുപ്പത്തേഴ് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള ചീഫ് എൻജിനീയറുടെ STSB (A/C no: 799011400006726) അക്കൗണ്ടിലേക്ക് അനുവദിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാരി രാജൻ
സ്പെഷ്യൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ , തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ , ട്രഷറി വകുപ്പ്, തിരുവനന്തപുരം

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ്,മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിക്ക്

റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

തദ്ദേശ സ്വയംഭരണ (EW-B) വകുപ്പ്

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Misha C P**
**Date: 11-08-2022 15:28:06**

സെക്ഷൻ ഓഫീസർ